കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊളച്ചേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/95/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,
ഇ-മെയിൽ:doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തീയതി: 03.03.2020.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കൊളച്ചേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കൊളച്ചേരി ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-24 ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇമെയിൽ)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/95/2020.

തീയതി: 03.03.2020.

# കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09.12.2018 മുതൽ 19.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.01.2020 മുതൽ 30.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫിസർ |
| | ശ്രീ.വിജോഷ്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനൂപ്.കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സറീന.കെ.എം.പി | 01.0.4-2018 മുതൽ 21.05.2018 വരെ |
| | ശ്രീ.അനന്തൻ.എം | 22.05.2018 മുതൽ 20.06.2018 വരെ |
| | ശ്രീമതി.താഹിറ.കെ | 21.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.പി.ബാലൻ | 01.04.2018 മുതൽ 22.10.2018 FNവരെ |
| | ശ്രീ.വിജയരാജ്.വി.ആർ. | 22.10.2018 AN മുതൽ 23.10.2018 വരെ |
| | ശ്രീ.സിറിൽ ജെറോം | 24.10.2018 മുതൽ 31.03.2019 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.നിജേഷ്.സി. | 01.04.2018മുതൽ<br>25.11.2018 വരെ |
| | ശ്രീ.പ്രശോഭ് എൻ ബി | 26.11.2018മുതൽ<br>01.03.2019 വരെ |
| | ശ്രീമതി.ദീപ പി | 02.03.2019 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പ്രവീണ.എ | 01.04.2018 മുതൽ<br>02.11.2018 വരെ |
| | ശ്രീമതി.അർച്ചന മുരളി | 03.11.2018മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ. (കൊളച്ചേരി) | ശ്രീ.രായപ്പൻ സ്റ്റാൻലി | 01.04.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ. (ചേലേരി) | ശ്രീ.പ്രവീൺകുമാർ പി | 01.04.2018 മുതൽ<br>04.02.2019 വരെ |
| | ശ്രീമതി.ലേഖ കെ പി | 05.02.2019 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (PHC ) | ഡോ.ലിഷ പാലാടൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.രേഷ്മ ദാമോദരൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രാജശ്രീ സി ടി | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 16.07.2018 വരെ |
| | ശ്രീമതി.ശ്രീലത സി കെ | 17.07.2018 മുതൽ<br>31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.രാജീവൻ പുല്ലേരത്ത് | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിജയരാജ് വി ആർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ബാബുരാജൻ എം എം | 01.04.2018 മുതൽ<br>20.02.2019 വരെ |
| | ശ്രീമതി.രമ്യശ്രീ ടി വി | 21.02.2019 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല | 1-13 |
| 14 | കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 15 | വസ്തു നികുതി അപാകങ്ങൾ | 1-15 |

| | | |
|---|---|---|
| 16 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് - സർക്കാർ നിർദ്ദേശ പ്രകാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |
| 17 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - നിർവ്വഹണത്തിൽ അപാകതകൾ - ചെലവഴിച്ച 37,720/- രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | മത്സ്യതൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം -ആനുകൂല്യം നൽകിയതിൽ അപാകതകൾ - 11,880/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് - അപാകതകൾക്ക് മറുപടി ഹാജരാക്കിയില്ല – 29,600/- രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 20 | ഗെയിംസ് ഫെസ്റ്റ് - പഞ്ചായത്ത് തല ക്രിക്കറ്റ്, ഫുട്ബോൾ ടീം രൂപീകരണം പ്രൊജക്ട് ലക്ഷ്യം കണ്ടില്ല - ചെലവ് തുക 57,678/- രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | വാങ്ങലുകൾ നടത്തുന്നത് ഗുണനിലവാര പരിശോധന നടത്താതെ | 1-21 |
| 22 | കറവ പശു വിതരണം - മാർഗ്ഗരേഖയിലെ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-22 |
| 23 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് - രശീതി ഉപയോഗിക്കുന്നതിലെ അപാകങ്ങൾ | 1-23 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലനം -ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിക്കാത്തത് സംബന്ധിച്ച് | 1-24 |
| 25 | വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല | 1-25 |
| 26 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-26 |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച തുക ക്രമീകരിച്ചതിലെ അപാകങ്ങൾ | 1-27 |
| 28 | മുൻകൂർ നൽകിയ തുക ക്രമീകരിക്കുന്നില്ല | 1-28 |
| 29 | ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് യാത്രയയപ്പ് – അപാകങ്ങൾ | 1-29 |
| 30 | ഉപയോഗശൂന്യമായ ഉപകരണങ്ങൾക്ക് പകരം വാങ്ങുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-30 |
| 31 | ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപെടാത്തതും പദ്ധതിയുടെ ഭാഗമല്ലാത്തതുമായ ഇനത്തിന് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നു | 1-31 |
| 32 | വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ | 1-32 |

| | | |
|---|---|---|
| | രേഖപ്പെടുത്തുന്നില്ല, നമ്പർ നൽകുന്നില്ല. | |
| 33 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ | 1-33 |
| 34 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - സംയുക്തപരിശോധന നടത്തുന്നില്ല. | 1-34 |
| ഭാഗം-2-വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ. ഇല്ല | | |
| ഭാഗം 3-ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ. ഇല്ല | | |
| ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 47 | റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 48 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 12.03.2018 തീയതിയിലെ 54/18 നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 04.02.2019 തീയതിയിലെ 35/19 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,18,03,591 |
| വരവ് | 11,99,44,500 |
| ആകെ | 13,17,48,091 |
| ചെലവ് | 12,55,77,268 |
| നീക്കിയിരിപ്പ് | 61,70,823 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 15.05.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,80,79,675 |
| വരവ് | 6,25,24,591 |
| ആകെ | 8,06,04,266 |
| ചെലവ് | 6,26,59,309 |
| നീക്കിയിരിപ്പ് | 1,79,44,957 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,52,68,859 | 1,52,68,859 | 1,34,57,859 | 18,11,000 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 37,87,000 | 37,87,000 | 37,87,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 80,000 | 80,000 | 0 | 80,000 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 78,75,000 | 78,75,000 | 66,10,281 | 12,64,719 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 29,05,000 | 29,05,000 | 27,55,000 | 1,50,000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 63,90,000 | 63,90,000 | 62,40,000 | 1,50,000 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 894 | 1,06,082 | 1,06,976 | 1,06,038 | 938 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 1,51,98,748 | 1,51,98,748 | 1,51,98,748 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3,807 | 2,68,725 | 2,72,532 | 2,69,762 | 2,770 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| ഐ.സി.ഡി.എസ് | | 10,17,493 | 8,12,413 | 18,29,906 | 10,00,000 | 8,29,906 |
| ടി.എസ്.സി | | - | 5,38,000 | 5,38,000 | 1,70,000 | 3,68,000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 14,16,497 | 30,64,140 | 44,80,637 | 26,89,788 | 17,90,849 |
| | ജില്ലാ പഞ്ചായത്ത് | 32,706 | 25,28,887 | 25,61,593 | 24,63,944 | 97,649 |
| ബി ഫണ്ട് | | 0 | 4,55,226 | 4,55,226 | 4,55,226 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 83,52,988 | 59,06,266 | 1,42,59,254 | 7,130,141 | 1,30,36,407 |

* ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 1,06,81,951/- രൂപ ലഭിച്ചിട്ടുണ്ട്. തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 181 | 7,22,77,054 | 135 | 4,83,75,137 | 46 | 46 | 65.93 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 38 | 36 | 79,10,560 | 60,37,324 | 76.32 |
| കൃഷി ഓഫീസർ | 08 | 07 | 58,12,460 | 33,41,150 | 57.48 |
| വെറ്റിനറി സർജൻ | 07 | 06 | 23,73,042 | 20,22,672 | 85.24 |
| വി.ഇ.ഒ | 17 | 12 | 1,61,34,790 | 1,13,86,052 | 70.57 |
| അസി.എഞ്ചിനിയർ | 82 | 50 | 2,95,10,400 | 1,61,09,860 | 54.59 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 08 | 63,25,671 | 55,06,871 | 87.06 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 03 | 03 | 5,63,451 | 4,88,365 | 86.67 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 03 | 03 | 88,000 | 79,200 | 90 |
| ഹെഡ് മാസ്റ്റർ | 05 | 05 | 16,38,955 | 15,45,598 | 94.30 |
| അസി.സെക്രട്ടറി | 05 | 05 | 19,19,725 | 18,58,045 | 96.79 |
| ആകെ | 181 | 135 | 7,22,77,054 | 4,83,75,137 | 66.93 |

ബി) ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 1,58,22,938 | 1,34,58,000 | 85.05 |
| എസ്.സി.പി | 43,06,519 | 37,87,000 | 87.94 |
| ടി.എസ്.പി | 80,000 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,03,53,747 | 62,40,000 | 60.27 |
| കേന്ദ്രാവിഷ്കൃതം | 34,00,000 | 10,00,000 | 29.41 |

| | | | |
|---|---|---|---|
| സംസ്ഥാനാവിഷ്കൃതം | 13,75,000 | 5,62,500 | 40.91 |
| തനത് ഫണ്ട് | 1,05,51,781 | 56,60,270 | 53.64 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 30,60,495 | 26,58,782 | 86.87 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 31,71,856 | 24,49,207 | 77.22 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 99,15,352 | 66,10,281 | 66.67 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 41,89,000 | 27,55,000 | 65.77 |
| മറ്റുള്ളവ | 60,50,366 | 31,94,097 | 52.79 |
| ആകെ | 7,22,77,054 | 4,83,75,137 | 66.93 |

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം അനുവദിക്കപ്പെട്ട ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ ബാക്കിയായതിനാൽ പാഴായത് 33.76 ലക്ഷം രൂപയാണ്. ഇതിൽ 26.48 ലക്ഷം രൂപ മാർച്ച് അവസാന വാരം ട്രഷറിയിൽ ബില്ല് സമർപ്പിച്ച ക്യൂബില്ലിൽ ഉൾപ്പെട്ട തുകയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു. ക്യൂബില്ലിൽ ഉൾപ്പെട്ട 26.48 ലക്ഷം രൂപയിൽ 19.88 ലക്ഷം രൂപയും അസി.എഞ്ചിനിയർ സമയബന്ധിതമായി ട്രഷറിയിൽ സമർപ്പിക്കാത്ത ബില്ലുകളാണ്.

| ഫണ്ട് | ക്യൂബില്ലിൽ ഉൾപ്പെട്ട തുക | ചെലവാകാത്ത തുക | നഷ്ടമായ മൊത്തം തുക |
|---|---|---|---|
| വികസന ഫണ്ട് | 15,39,210 | 2,71,790 | 18,11,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,50,000 | 0 | 1,50,000 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 1,50,000 | 0 | 1,50,000 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 8,09,436 | 4,55,283 | 12,64,719 |
| ആകെ | 26,48,646 | 7,27,073 | 33,75,719 |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായിരുന്നു. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽ തന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്. ജി.ഒ.(എം.എസ്)10/17/തസ്വഭവ. തീയതി 09.01.2017 ഉത്തരവ്

പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. എന്നാൽ 2018-19 വർഷം പഞ്ചായത്തിലെ ആസൂത്രണ സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് യോഗ മിനുട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ അനിവാര്യമായ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനുട്സുകളുടെ പരിപാലനം കുറ്റമറ്റ രീതിയിലാവേണ്ടതുണ്ട്. 17 വാർഡുകളിലും ഗ്രാമസഭകൾ 4 തവണ വീതം ചേർന്നിട്ടുണ്ട്.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി പലപ്പോഴും യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,807 | 26,87,255 | 2,72,532 | 2,69,762 | 2,770 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 1,51,98,748 | 1,51,98,748 | 1,51,98,748 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66,480 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 46,86,300 | 255 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 2,13,68,000 | 1191 |
| വാർദ്ധക്യകാലപെൻഷൻ | 3,18,19,100 | 1764 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 50,02,500 | 272 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 13,83,600 | 82 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,270/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചു ചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും എല്ലായ്പ്പോഴും അവലോകനം നടത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം കാര്യമായി വിലയിരുത്തപ്പെടുന്നില്ല. യോഗത്തിന്റെ അജണ്ടകൾ എന്തൊക്കെയാണെന്ന് മിനുട്സിൽ എഴുതിച്ചേർക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജനവരി 15 നു മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായുണ്ട്. എന്നാൽ 2018-19 ലെ ബജറ്റ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരോടും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളോടും ആവശ്യപ്പെടാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി തീരുമാനിക്കുന്നത് 19.01.2018 തീയ്യതിയിലാണ്. നിയമ പ്രകാരം ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാവരും പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് എല്ലാമാസവും അംഗീകരിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ നല്ല രീതിയിൽ നടന്നു വരുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ) പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ ആന്തരിക സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, ഓഫീസ് ചുമതലാ വിഭജനവും

പ്രവർത്തനവും, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.12.2019 | 11/2019 | 01.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.06.2014 | 2009-10 - 2013-14 | 25.08.2014 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1) സഞ്ചയ പത്രിക പ്രകാരമുള്ള വസ്തു നികുതി മുൻകൂർ വരവ് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-12 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽ കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽ നികുതിയും പ്രതിപാദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ പരിധിയിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർമാർ, അംഗനവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (7/25.01.2020) മറുപടിയായി മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-13 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളാണുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഓരോ വാർഡിലുമുള്ള വ്യാപാര സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ | വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 1 | 5 |
| 2 | 82 |
| 3 | 67 |
| 4 | 2 |
| 5 | 7 |
| 6 | 9 |
| 7 | 10 |
| 8 | 13 |
| 9 | 3 |
| 10 | 7 |
| 11 | 4 |
| 12 | 4 |
| 13 | 31 |
| 14 | 6 |
| 15 | 4 |
| 16 | 11 |
| 17 | 1 |
| ആകെ | 266 |

2017-18 വർഷം എഫ്.ടി.ഇ & ഒ. എസ്. ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 447 ഉം 2018-19 വർഷം 499 ഉം ആണ്. ഇവയുടെ എണ്ണം ട്രേഡേഴ്സ് ലിസ്റ്റിലെ സ്ഥാപനങ്ങളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (7/25.01.2020) മറുപടിയായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളുടേയും വാർഡ്തല പരിശോധന മുഴുവനായും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തു നികുതി നിർണ്ണയിച്ച 2599 കെട്ടിടങ്ങളുണ്ട്. എന്നാൽ 2018-19 വർഷം എഫ്.ടി.ഇ & ഒ. എസ് ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 499 ആണ്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

# 1-14 കൂട്ടിചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2018-19 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പ്രകാരം 28 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണത്തിന് (23/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം മുൻവർഷങ്ങളിൽ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളെ ഫീൽഡ്തല പരിശോധന നടത്തി കണ്ടെത്തി അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ വസ്തു നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 വസ്തുനികുതി അപാകങ്ങൾ

1) എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്ററിലെ ആദ്യത്തെ 40 സ്ഥാപനങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം (ലൈസൻസ് രജിസ്റ്റർ പ്രകാരം) | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം | സഞ്ചയ പ്രകാരം ഉപയോഗക്രമം |
|---|---|---|---|---|
| 1 | 2/214 | വി കെ രാഘവൻ | വി കെ ആർ ഹെയർ | പാർപ്പിടം |

| | | | | |
|---|---|---|---|---|
| | | | ഡ്രസ്സേഴ്സ് | |
| 8 | 8/286 | മുഹമ്മദ് | അനാദികച്ചവടം | പാർപ്പിടം |
| 9 | 2/394 | രഞ്ജിത്ത് കൃഷ്ണൻ | ദന്തൽ ക്ലീനിക് | ആരാധനാലയം-നികുതി ഒഴിവ് |
| 16 | 2/522 | കെ.സി മുഹമ്മദലി | ഫാൻസി | പാർപ്പിടം |
| 19 | 2/241 | പി സി വിജയൻ | പ്രഭാത് ബേക്കറി | നികുതി , ഉപനികുതി ഒഴിവാക്കിയ കെട്ടിടം |
| 30 | 3/850 | അബ്ദുൾ ജബ്ബാർ പി.ടി.പി | സ്റ്റോൺ ക്രഷർ നടത്തുന്നതിനും ഹോളോബ്രിക്സ് നിർമ്മിച്ച് വിൽപ്പന നടത്തുന്നതിനും | നികുതി , ഉപനികുതി ഒഴിവാക്കിയ കെട്ടിടം |
| 37 | 17/471 | പാറയിൽ രാഘവൻ | ടൈലറിംഗ് ഷോപ്പ് | പാർപ്പിടം |

2) എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനത്തിന്റെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

| ക്രമ നം. | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 39 | 8/9 | ഷംസാദ് പി | മരം പ്ലെയിൻ ചെയ്ത് കൊടുക്കുന്നതിന് |

ഇപ്രകാരം സഞ്ചയയിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുണ്ടെങ്കിൽ അവയെ കണ്ടെത്തി നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

3) സഞ്ചയ പ്രകാരം പഞ്ചായത്തിൽ ആശുപത്രികൾക്കായി കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. എന്നാൽ KLIC എന്ന ആശുപത്രി പഞ്ചായത്ത് പരിധിയിലാണ്. 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പറിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം (ലൈസൻസ് രജിസ്റ്റർ പ്രകാരം) | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം | സഞ്ചയ പ്രകാരം ഉപയോഗക്രമം |
|---|---|---|---|---|
| 132 | 2/396 | ഡോ. വി കെ | KLIC | നികുതി , |

| | | | | |
|---|---|---|---|---|
| | | നൗഷാദ് | Hospital | ഉപനികുതി ഒഴിവാക്കിയ കെട്ടിടം |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഒക്കുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴവൻ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്- സർക്കാർ നിർദ്ദേശപ്രകാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷം റോഡ് കട്ടിംഗിനായി 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ കുടിവെള്ള കണക്ഷനുള്ള റോഡ് കട്ടിംഗ് അനുമതിക്കു വേണ്ടി ലഭ്യമായ അപേക്ഷകളിൻമേൽ സെപ്റ്റംബർ 2018 വരെ 2,282/- രൂപ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്, 1,000/- രൂപ ഡെപ്പോസിറ്റ് തുക, 412/- രൂപ ജി.എസ്.ടി എന്നിവ ഈടാക്കി അനുമതി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഭരണസമിതിയുടെ 25.09.2018 തീയതിയിലെ 5/170/2018 നമ്പർ തീരുമാന പ്രകാരം ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി, റോഡ്സ് & അഡ്മിനിസ്ട്രേഷന്റെ 22.05.2018 തീയതിയിലെ സി ഇ/ആർ & പി/ജി എൽ-ആർസി/1/2018 നമ്പർ സർക്കുലർ പ്രകാരമുള്ള റോഡ് കട്ടിംഗ് ചാർജ്ജ് കൊളച്ചേരി ഗ്രാമപഞ്ചായത്തിലും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ടി സർക്കുലർ പ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല. ഭരണസമിതിയുടെ 30.01.2019 തീയതിയിലെ 11/33/2019 നമ്പർ തീരുമാന പ്രകാരം മേൽ സർക്കുലറിൽ ഉള്ള വലുപ്പത്തിലല്ല റോഡ് കട്ട് ചെയ്യുന്നതെന്നും ആയതിനാൽ റോഡ് റിസ്റ്റോറേഷൻ ഫീസായി 1,000/- രൂപ, ഡെപ്പോസിറ്റ് 1,000/- രൂപ എന്നിവ ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. ഒക്ടോബർ മുതലുള്ള അപേക്ഷകൾക്ക് മേൽ തുകയാണ് ഈടാക്കിയിട്ടുള്ളത്. പണി പൂർത്തിയാകുമ്പോൾ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നുണ്ട്.

22.05.2018 തീയതിയിലെ സി ഇ/ആർ & പി/ജി എൽ-ആർസി/1/2018 നമ്പർ സർക്കുലറിൽ പുതുക്കിയ റോഡ് റിസ്റ്റോറേഷൻ തുക പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഭരണസമിതി തീരുമാനം കൈക്കൊണ്ടത് ക്രമപ്രകാരമല്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് തുക ഈടാക്കേണ്ടുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ -നിർവ്വഹണത്തിൽ അപാകതകൾ - ചെലവഴിച്ച 37,720/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| | |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ടിന്റെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ |
| പ്രോജക്ട് നം. | 102/2019 |
| അടങ്കൽ | 40,000/- വികസന ഫണ്ട് |
| ചെലവ് | 37,720/- |
| ബിൽ നം. | 3/18-19 തീയതി 29.03.2019 |

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ആനുകൂല്യം നൽകുവാനായി 13 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. FIDCO ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ആഞ്ഞിലി മരത്തിന്റെ മേശയും കസേരയും 5 എണ്ണം വീതം വാങ്ങിച്ചിട്ടുണ്ട്. 23,360/- രൂപ മേശയുടെ വിലയായും 14,360/- രൂപ കസേരയുടെ വിലയായും ചെലവഴിച്ചു. എന്നാൽ വാങ്ങിയ ഫർണിച്ചറുകൾ ആർക്കൊക്കെ നൽകിയെന്ന രേഖകൾ ഫയലിൽ ഇല്ല. സ്കൂൾ അധികൃതരിൽ നിന്നും വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങി മരം കൊണ്ടുള്ള മേശയും കസേരയും പർച്ചേയ്സ് കമ്മിറ്റി വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണമെന്ന് ജി.ഒ.(എം.എസ്)22/18തസ്വഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം നടപടിക്രമം പാലിച്ച് ഫർണിച്ചർ വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഫർണിച്ചർ ലഭിച്ച വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം മുൻവർഷം നൽകിയിരുന്നില്ല എന്ന് തെളിയിക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. ഫർണിച്ചറിന്റെ ഗുണനിലവാര പരിശോധന നടത്തിയതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററും പ്രോജക്ടിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും സൂക്ഷിച്ചിട്ടില്ല. മേൽ കാര്യങ്ങളിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്ന് അറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി:27.01.2020) മറുപടി ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 37,720/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-18 മത്സ്യതൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം -ആനുകൂല്യം നൽകിയതിൽ അപാകതകൾ - 11,880/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ടിന്റെ പേര് | മത്സ്യതൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം |
| പ്രോജക്ട് നം. | 101/2019 |
| അടങ്കൽ | 18,000/- വികസന ഫണ്ട്<br>(9000/- വികസന ഫണ്ട് ,9000/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | 11,880/- (2970/- വികസന ഫണ്ട്, 8910/- ഗുണഭോക്തൃവിഹിതം) |
| ബിൽ നം. | 1/18-19. തീയതി 23.02.2019 |

മത്സ്യതൊഴിലാളികൾക്ക് മത്സ്യവിൽപന നടത്തുന്നതിന് മത്സ്യ ഫെഡിൽ നിന്നും ഐസ് ബോക്സ് വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട ആറ് പേർക്ക് 1,500/- രൂപ വീതം സബ്സിഡിയായും 1,500/- രൂപ വീതം ഗുണഭോക്തൃ വിഹിതമായും ആകെ 18,000/- രൂപ ചെലവഴിക്കുന്നു. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) മത്സ്യഫെഡ് അറിയിച്ചത് പ്രകാരം 70 ലിറ്ററിന്റെ ഒരു ഐസ് ബോക്സിന്റെ വില 2,970/- രൂപയാണ്. ഇതനുസരിച്ച് ഒരാളിൽ നിന്നും ശേഖരിക്കേണ്ട ഗുണഭോക്തൃ വിഹിതം (50%) 1,485/- രൂപയാണ്. ഹാജരാക്കിയ ഫയലിൽ 4 പേരിൽ നിന്ന് (മുസ്തഫ.എം.പി,മുനീർ, അബ്ദുൾ ഖാദർ.വി, നൗഷാദ്.ടി) ഗുണഭോക്തൃവിഹിതം 1,485/- രൂപ വാങ്ങിച്ചതിന്റെ രശീതിയുടെ പകർപ്പ് ഉണ്ട്. അബ്ദുൾ ഖാദർ എന്നവരിൽ നിന്ന് 135/- രൂപ രശീതിനം. 118020105050/24.12.2018 പ്രകാരം വാങ്ങിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. അതുപോലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ രണ്ട് പേരുടെ വിവരം മാത്രമാണുള്ളത്.(നൗഷാദ്, അബ്ദുൾഖാദർ). എന്നാൽ പിന്നീട് പഞ്ചായത്തിന്റെ 06.03.2019ലെ 53/19(3)നമ്പർ തീരുമാന പ്രകാരം മുസ്തഫ.എം.പി. മുനീർ.വി, അബ്ദുൾ ഖാദർ.വി,അ മുസ്തഫ കെ. എന്നീ നാല് പേരെക്കൂടി അംഗീകരിച്ചതായി കാണുന്നു. ഈ അഡീഷണൽ ലിസ്റ്റിന് പിന്നീട് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

3) 2018-19 വർഷം വികസന ഫണ്ടിൽ നിന്നും 2,970/- രൂപയും ക്യൂ ബില്ല് ആയതിനാൽ 2019-20 വർഷം 29.04.2019 തീയ്യതിയിൽ 5,940/- രൂപയും ചെലവഴിച്ചു. ഇപ്രകാരം ആകെ 3 ഐസ് ബോക്സിന്റെ വിലയാണ് വികസന ഫണ്ടിൽ നിന്നും ചെലവ്. അതേ സമയം 4 പേരിൽ നിന്ന് ഗുണഭോക്തൃ വിഹിതം ശേഖരിച്ചിട്ടുണ്ട്. പൊരുത്തക്കേടിന് വിശദീകരണം നൽകിയിട്ടില്ല.

4) ആകെ എത്ര എണ്ണം ഐസ് ബോക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട് എന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) സ്റ്റോക്ക് രജിസ്റ്ററും പ്രോജക്ടിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും സൂക്ഷിച്ചിട്ടില്ല.

മേൽ കാര്യങ്ങളിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്ന് അറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയ്യതി :27.01.2020) മറുപടി ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 11,880/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് -അപാകതകൾക്ക് മറുപടി ഹാജരാക്കിയില്ല – 29,600/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് |
| പ്രോജക്ട് നം. | 105/2019 |
| അടങ്കൽ | 30,000/- വികസന ഫണ്ട് |
| ചെലവ് | 29600/- |
| ബിൽ നം. | 4/18-19. തീയതി.29.03.2019 |

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി 9 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും ഒരു ലാപ്പ് ടോപ്പ് നേരിട്ട് വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ കമ്പ്യൂട്ടർ ആർക്ക് നൽകിയെന്ന രേഖകൾ ഫയലിൽ ഇല്ല. ഒരു രജിസ്റ്ററിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വൽസരാജൻ എന്നവരുടെ മകൻ സിദ്ധാർത്ഥ് എന്ന കുട്ടിക്ക് ലഭിച്ചതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൽസരാജൻ ഗുണഭോക്തൃലിസ്റ്റിൽ നാലാമതായാണ് ഉൾപ്പെട്ടിട്ടുള്ളത്. ലിസ്റ്റിലെ ആദ്യത്തെ മൂന്ന് പേർക്ക് ആനുകൂല്യം നൽകാതെ നാലാമത്തെയാൾക്ക് നൽകിയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ കാരണവും വ്യക്തമാക്കപ്പെട്ടിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ അർഹതാമാനദണ്ഡങ്ങൾക്കനുസരിച്ച് ലഭിച്ച മാർക്ക് രേഖപ്പെടുത്തിയിട്ടുമില്ല. കമ്പ്യൂട്ടർ ലഭിച്ച വിദ്യാർത്ഥിക്ക് ഇതേ ആനുകൂല്യം മുൻവർഷം നൽകിയിരുന്നില്ല എന്ന് ഉറപ്പ് വരുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും സൂക്ഷിച്ചിട്ടില്ല. മേൽ കാര്യങ്ങളിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്ന് അറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയ്യതി :27.01.2020) മറുപടി ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 29,600/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-20 ഗെയിംസ് ഫെസ്റ്റ് പഞ്ചായത്ത് തല ക്രിക്കറ്റ്, ഫുട്ബോൾ ടീം രൂപീകരണം പ്രൊജക്ട് ലക്ഷ്യം കണ്ടില്ല - ചെലവ് തുക 57,678/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | ഗെയിംസ് ഫെസ്റ്റ് പഞ്ചായത്ത്തല ക്രിക്കറ്റ്, ഫുട്ബോൾ ടീം രൂപീകരണം |
| പ്രോജക്ട് നം. | 99/2019 |
| അടങ്കൽ | 60,000/- (തനത് ഫണ്ട്) |
| ചെലവ് | 57678/- |

57,678/- രൂപ ചെലവഴിച്ച് 2018-19 വർഷം ഗെയിംസ് ഫെസ്റ്റ് പഞ്ചായത്ത്തല ക്രിക്കറ്റ്, ഫുട്ബോൾ ടീം രൂപീകരണം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിലെ

താഴെപറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ജി.ഒ.(എം.എസ്)നം.22/18/തസ്വഭവ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം യുവജന ക്ലബുകളിൽ നിന്നും ഗ്രാമ പഞ്ചായത്ത് ടീം രൂപീകരിക്കുന്നതിനും കോച്ചിംഗ് ക്യാമ്പ് നൽകുന്നതിനും പ്രോജക്ട് തയ്യാറാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ടീം രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനത്തിലെ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതാണ്. യുവജന ക്ലബ്ബുകൾ തമ്മിൽ മത്സരം നടത്തി ഇതിൽ വിജയിക്കുന്ന ടീമാണ് ചാമ്പ്യൻഷിപ്പ് വിജയി. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന എല്ലാ ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ തെരഞ്ഞെടുക്കുന്നതിനാണ് സെലക്ഷൻ ട്രയൽസ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരാണ് ഗ്രാമ പഞ്ചായത്ത് ടീം. ഈ കാഴ്ചപ്പാടോടെയാണ് പ്രോജക്ട് വിഭാവനം ചെയ്യേണ്ടിയിരുന്നത്.

എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം 33 പേരുടെ ഹാജർ വിവരം മാർക്ക് ചെയ്ത രണ്ട് സ്റ്റേറ്റ്മെന്റും സാധനങ്ങളുടെ ബില്ലും ചില ക്വട്ടേഷനുകളുമാണുള്ളത്. ടീം രൂപീകരണം സംബന്ധിച്ചോ ഇതിലെ അംഗങ്ങളെപ്പറ്റിയോ ക്ലബ്ബുകളെപ്പറ്റിയോ പരിശീലനം നൽകിയവരെക്കുറിച്ചോ പ്രവർത്തന റിപ്പോർട്ടോ മറ്റു വിശദാംശങ്ങളോ ഒന്നും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി:25.01.2020) മറുപടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മറുപടിയിൽ പരിശീലനം നൽകിയവരുടെ യോഗ്യത സംബന്ധിച്ചോ ക്ലബ്ബുകളുടെ പേരു വിവരങ്ങളോ ലഭിച്ച പരിശീലനം എന്തെന്നോ ഒന്നും വ്യക്തമാക്കിയിട്ടില്ല. തുക ചെലവഴിച്ചതല്ലാതെ ഗ്രാമ പഞ്ചായത്ത് ടീം രൂപീകരിച്ചതിനെ പറ്റിയോ പദ്ധതിയുടെ ഭൗതിക നേട്ടത്തെപ്പറ്റിയോ ഒന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവ് തുക 57,678/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-21 വാങ്ങലുകൾ നടത്തുന്നത് ഗുണനിലവാര പരിശോധന നടത്താതെ

2018-19 വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങൾക്ക് ടെലിവിഷനും ഫർണിച്ചറും നൽകൽ എന്ന പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ഇതിന്റെ ഭാഗമായി വാങ്ങലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ വാങ്ങിച്ച സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിൽ പോരായ്മകൾ സംഭവിച്ചിട്ടുള്ളതായി ചെലവുകളുടെ ഫയൽ പരിശോധനയിൽ കണ്ടു. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങൾക്ക് ടെലിവിഷനും ഫർണിച്ചറും നൽകൽ |
| പ്രോജക്ട് നം. | 98/2019 |
| അടങ്കൽ | 2,60,000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 1,88,416/- |
| [illegible] | [illegible] |

| | |
|---|---|
| ബിൽനം | 6/18-19. തീയ്യതി 16.02.2019 - 92,416/-<br>7/18-19 തീയ്യതി.28.02.2019 - 96,000/- |

ഗ്രാമ പഞ്ചായത്തിലെ നൃഞ്ഞേരി, കൊളച്ചേരിപ്പറമ്പ് ലക്ഷം വീട് കോളനി, കൊളച്ചേരിപ്പറമ്പ് 4 സെന്റ് കോളനി, നണിയൂർ ലക്ഷം വീട് കോളനി എന്നീ 4 പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങളിൽ ടെലിവിഷനും ഫർണിച്ചറും നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി 2,60,000/-വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തിയിട്ടുണ്ട്.

FIDCO, ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന 200 കസേര, 8 മേശ എന്നിവ വാങ്ങിച്ചിട്ടുണ്ട്. 18 ഗേജിന്റെ 3,422/- രൂപ നിരക്കുള്ള (4x2) വലിപ്പമുള്ള 8 സ്റ്റീൽ മേശ വാങ്ങിച്ചതായാണ് ബില്ലിൽ ഉള്ളത്. ഇതേ സ്ഥാപനം 20,22 ഗേജുള്ള താരതമ്യേന ഗുണമേൻമയും വിലയും കുറഞ്ഞതുമായ സ്റ്റീൽ മേശയുടെ വില ടെണ്ടറിൽ ക്വാട്ട് ചെയ്തിട്ടുള്ളതിനാൽ ലഭ്യമായ മേശ 18 ഗേജ് ഉള്ളതാണോ എന്ന് സാങ്കേതിക പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തിയതായി കാണുന്നില്ല. സാധനങ്ങളുടെ സാമ്പിൾ ലഭ്യമാക്കി പരിശോധന നടത്തിയതായും കാണുന്നില്ല.

ഇതേ സ്ഥാപനത്തിൽ നിന്നും 120 പ്ലാസ്റ്റിക് കസേരകളും വാങ്ങിച്ചിട്ടുണ്ട്. വാങ്ങിച്ച ബില്ലിൽ കസേര ഏത് കമ്പനിയുടേതെന്നും മോഡൽ നമ്പറും ഇല്ല. സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ പല നിരക്കിലുള്ള (നീൽ കമൽ - 492/-, 522/-, 542/-) കസേരകളുടെ വില കാണിച്ചിട്ടുള്ളതിനാൽ സപ്ലൈ ഓർഡറിൽ ആവശ്യപ്പെട്ട നീൽകമൽ കമ്പനിയുടെ 542/- രൂപ നിരക്കിലുള്ള കസേരയാണ് ലഭ്യമായതെന്ന് ഉറപ്പു വരുത്തിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിൽ വന്ന അപാകങ്ങൾ സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയ്യതി:25.01.2020) മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിന് കൃത്യമായ മറുപടി നൽകിയിട്ടില്ല.

പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതായിരുന്നു. സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്താതെ വാങ്ങലുകൾ നടത്തുന്നതിൽ ഉണ്ടായ വീഴ്ചകൾ ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-22 കറവപശു വിതരണം - മാർഗ്ഗരേഖയിലെ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കറവ പശു വിതരണം എന്ന പ്രോജക്ട് (67/19) നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡിയായി 27,500/- രൂപയും 27,500/- രൂപ ഗുണഭോക്തൃവിഹിതവും കണക്കാക്കിയാണ് അടങ്കൽ നിശ്ചയിച്ചത്. ഇപ്രകാരം 12 പേർക്ക് 27,500/- രൂപ വീതം പദ്ധതിയുടെ ആനുകൂല്യം സബ്സിഡിയായി നൽകിയിട്ടുണ്ട്.

ജി.ഒ.(എം.എസ്)22/18/തസ്വഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2ലെ കുറിപ്പ് പ്രകാരം ആരുടെ പക്കൽ നിന്നാണോ പശുവിനെ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ പശുവിനെ വിറ്റവരുടെ ബാങ്ക്

അക്കൗണ്ടുകളിലേക്ക് തുക നൽകാതെ വാങ്ങിയവരുടെ അക്കൗണ്ടുകളിലേക്കാണ് തുക നൽകിയത്. ഇത് പദ്ധതി മാർഗ്ഗരേഖയിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകത സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (4/2020 തീയ്യതി:25.01.2020) മറുപടിയായി ഭാവിയിൽ ഈ വീഴ്ച ആവർത്തിക്കില്ലെന്ന് അറിയിക്കുകയുണ്ടായി.

അതു പോലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അദ്ധ്യക്ഷനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നും 5 പേർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. ഇത്തരത്തിലുള്ള കമ്മിറ്റി രൂപീകരിച്ചതായുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഭാവിയിൽ പ്രോജക്ട് നിർവ്വഹണ വേളയിൽ പദ്ധതി മാർഗ്ഗരേഖയിലെ സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

# 1-23 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് - രശീതി ഉപയോഗിക്കുന്നതിലെ അപാകങ്ങൾ

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം കോഴിയും കൂടും എന്ന പ്രോജക്ട് (137/19) നടപ്പിലാക്കിയിട്ടുണ്ട്. 85 പേർക്ക് 10 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നു. 100/- രൂപയാണ് ഒരു കോഴിയുടെ വില. ഇതിൽ 50/- രൂപ സബ്സിഡിയായും 50/- രൂപ ഗുണഭോക്തൃ വിഹിതമായും ഒടുക്കുന്നു. 10 കോഴിക്കുഞ്ഞുങ്ങളുടെ തുകയായി 500/- വീതം ഗുണഭോക്തൃ വിഹിതം രശീതി മുഖേന (ബുക്ക് നം.4933) പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ രശീതി ഉപയോഗിക്കുന്നതിൽ അപാകം സംഭവിച്ചിട്ടുണ്ട്. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ് മുഴുവൻ രശീതികളും ഉപയോഗിച്ചിട്ടുള്ളത്. അതു പോലെ പിരിച്ചെടുത്ത തുകകൾ കാഷ് ബുക്കിൽ വരവ് വെക്കുന്നില്ല. ക്യാഷ് ബുക്കിൽ ചേർക്കാതെ പണം കൈകാര്യം ചെയ്തത് ശരിയായ നടപടിയല്ല. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയ്യതി:25.01.2020) സമർപ്പിച്ച മറുപടിയിൽ രശീതി ബുക്ക് ഉപയോഗിക്കുന്നതിലും ക്യാഷ് ബുക്ക് ഉപയോഗിക്കുന്നതിലും പാകപ്പിഴകൾ സംഭവിച്ചു പോയിട്ടുണ്ടെന്നും ഭാവിയിൽ ഇക്കാര്യം ആവർത്തിക്കില്ലെന്നും അറിയിക്കുകയുണ്ടായി. പണം കൈകാര്യം ചെയ്യുമ്പോൾ സുതാര്യത ഉറപ്പ് വരുന്നതിൽ വന്ന വീഴ്ച ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-24 പ്രത്യേക കന്നുകുട്ടി പരിപാലനം -ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പ്രോജക്ട് നം. | 60/19 |
| അടങ്കൽ | 10,00,000/-<br><br>2,50,000/- (വികസനഫണ്ട്) |

| | |
|---|---|
| | 2 50,000/- (സംസ്ഥാനാവിഷ്കൃതം))<br>5,00,000/- (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 2,50,000/- |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് എസ്.എൽ.ബി.പി. കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ബിൽ നം.8/11.12.2018 പ്രകാരം 2,50,000/-നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി 43 പേരുടെ പട്ടിക തയ്യാറാക്കുകയുണ്ടായി. എന്നാൽ ഗുണഭോക്താക്കൾ തികയാതെ വന്നതിനാൽ പുതുതായി 22 പേരെ പഞ്ചായത്ത് ഭരണസമിതിയുടെ 11.12.2018 ലെ 230/18(4) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരുടെ തെരഞ്ഞെടുപ്പിന് പിന്നീട് തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരണം വാങ്ങിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6 തീയ്യതി:25.01.2020) മറുപടിയായി ഇതു വരെയായി അംഗീകാരം വാങ്ങിച്ചിട്ടില്ലെന്നും അടുത്ത ഗ്രാമസഭയിൽ അംഗീകാരം വാങ്ങുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിക്കുകയുണ്ടായി. ഇത് ശരിയായ രീതിയല്ല. ഗ്രാമസഭാ നടപടിക്രമത്തിൽ വന്നിട്ടുള്ള വീഴ്ച ഗൗരവത്തിലെടുക്കണമെന്നും ഇത്തരം അപാകങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പരിഹാര നടപടികൾക്കായി ഈ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-25 വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല

വീട് വാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രോജക്ടിന്റെ ഭാഗമായി 2017-18 വർഷം ശ്രീമതി കെ.ചന്ദ്രി എന്ന ഗുണഭോക്താവിന് 75,000/- രൂപ ആദ്യ ഗഡു അനുവദിച്ചിരുന്നു. എന്നാൽ മേൽഗുണഭോക്താവ് ആനുകൂല്യത്തിന് അർഹയല്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും നൽകിയ തുക തിരിച്ചു പിടിക്കുന്നതിന് ഭരണസമിതിയുടെ 10.08.2018 ലെ 144/2018(6) നമ്പർ തീരുമാന പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ-യെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8) വി.ഇ.ഒ. മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് ഗുണഭോക്താവ് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക നാളിതു വരെയായി ഈടാക്കിയിട്ടില്ല. 75,000/- രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-26 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996ലെ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3)

പ്രകാരം മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കി നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്ന തുകയുടെ 1% വരുന്ന തുക കളക്ഷൻ ചാർജിനത്തിൽ അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ ഈ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

# 1-27 സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച തുക ക്രമീകരിച്ചതിലെ അപാകങ്ങൾ

വൗച്ചർ നമ്പർ- 1020/16.03.19 മുതൽ 1025/16.03.19 വരെ (ബിൽ രജിസ്റ്റർ പ്രകാരം)

ചെക്ക് നമ്പർ - TSB-5035166/16.03.19 ₹78,155

സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക താഴെ പ്രതിപാദിക്കും പ്രകാരം സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 40/17 | ബഡ്സ് സ്കൂൾ നടത്തിപ്പ് | ജില്ലാ പഞ്ചായത്ത് | 3834 |
| 2 | 41/17 | ബഡ്സ് സ്കൂൾ ഭക്ഷണം | ജില്ലാ പഞ്ചായത്ത് | 8,173 |
| 3 | 51/17 | സാന്ത്വന പരിചരണം | ബ്ലോക്ക് പഞ്ചായത്ത് | 30,918 |
| 4 | 95/17,118/18 | ബഡ്സ് സ്കൂളിൽ ഉപകരണങ്ങൾ വാങ്ങൽ | ജില്ലാ പഞ്ചായത്ത് | 2,700 |
| 5 | 146/18 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | ജില്ലാ പഞ്ചായത്ത് | 30 |
| 6 | 11/16 | IAY ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ തിരികെ നൽകിയത് | ബ്ലോക്ക് പഞ്ചായത്ത് | 32,500 |
| | | | ആകെ | 78,155 |

ഇവ തിരിച്ചടക്കുമ്പോൾ സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടിയുള്ള തുകകൾ സൂക്ഷിക്കുന്ന STSB Joint Venture അക്കൗണ്ടിൽ നിന്നും തിരിച്ചടക്കുന്നതിനു പകരം TSB General Purpose അക്കൗണ്ടിൽ നിന്നുമാണ് തിരിച്ചടച്ചിരിക്കുന്നത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/18-19 ന് നൽകിയ മറുപടിയിൽ IAY പ്രോജക്ട് വിഹിതത്തിൽ തിരികെ ലഭിച്ച ₹32,500 തനത് ഫണ്ടിൽ തന്നെയാണ് ഉണ്ടായിരുന്നതെന്നും, STSB joint venture അക്കൗണ്ടിൽ ഉണ്ടായിരുന്ന ₹45,655 TSB Own Fund അക്കൗണ്ടിലേക്ക് ചെക്ക് നമ്പർ 68716/28.03.2019 പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-28 മുൻകൂർ നൽകിയ തുക ക്രമീകരിക്കുന്നില്ല

വൗച്ചർ നമ്പർ- 21800211/28.06.2018

ചെക്ക് നമ്പർ -TSB 1904945/28.06.18 ₹1,70,000

ആരോഗ്യ ജാഗ്രതാ കാമ്പയിനുമായി ബന്ധപ്പെട്ട മഴക്കാല പൂർവ്വശുചിത്വ പ്രവർത്തനങ്ങൾക്കായി മേൽ പ്രകാരം തുക 17 വാർഡുകളിലും ചെലവഴിക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് സെക്രട്ടറി ₹1,70,000 അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/18-19 dt. 27.01.2020 ന് നൽകിയ മറുപടിയായി മെഡിക്കൽ ഓഫീസർ, പിഎച്ച്സി, കൊളച്ചേരിയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്നതിനാവശ്യമായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് യാത്രയയപ്പ്: നൽകിയ വകയിലെ ചെലവ്- അപാകങ്ങൾ

വൗച്ചർ നമ്പർ - 21800070/30.04.2018

ചെക്ക് നമ്പർ – 00118565/30-4-18 ₹9,100/-

കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്ന് വിരമിച്ച അധ്യാപകർക്കും, 100% നികുതി പിരിച്ച ഓഫീസ് ജീവനക്കാർക്കും അനുമോദന മൊമെന്റോ നൽകുന്നതിനു വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. പ്രസ്തുത പരിപാടിയിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരെ കൂടാതെ സ്വകാര്യ എയിഡഡ് സ്കൂൾ അധ്യാപകർക്കും വിരമിക്കുന്നതിന്റെ ഭാഗമായി യാത്രയയപ്പ് മൊമെന്റോ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | ഉദ്യോഗപ്പേര് | വകുപ്പ് |
|---|---|---|---|
| 1 | കെ.പ്രദീപ് കുമാർ | അധ്യാപകൻ | കെ എം എച്ച് എസ് |
| 2 | കെ.പി.ചന്ദ്രൻ | അധ്യാപകൻ | പാമ്പുരുത്തി യുപി എസ് |
| 3 | പദ്മിനി.കെ.സി | അധ്യാപകൻ | നണിയൂർ, എ എൽ പി സ്കൂൾ |
| 4 | പി.അലി | അധ്യാപകൻ | കമ്പിൽ എ എൽ പി |
| 5 | പി.ശശിധരൻ | അധ്യാപകൻ | ചേലേരി, എഎൽപി സ്കൂൾ |
| 6 | വിലാസിനി.വി.എം. | അധ്യാപകൻ | നൂഞ്ഞേരി എ എൽ പി സ്കൂൾ |
| 7 | ഇ പി ജയപ്രകാശ് | അധ്യാപകൻ | ചേലേരി മാപ്പിള |

| | | | |
|---|---|---|---|
| | മദനൻ | | എ.എൽ.പി സ്കൂൾ |
| 8 | കെ ജയശ്രീ | അധ്യാപകൻ | ചേലേരി മാപ്പിള എ.എൽ.പി.സ്കൂൾ |

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലല്ലാത്ത സ്വകാര്യ എയിഡഡ് മാനേജ്മെന്റ് സ്കൂളുകളിലുള്ളവർക്ക വേണ്ടി നടത്തിയ ചെലവിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന കാണിച്ച കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നമ്പർ 10/18-19 dt.27.01.2020) ത്തിന് നൽകിയ മറുപടിയിൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പതിറ്റാണ്ടുകളുടെ സേവനപാരമ്പര്യമുള്ള അധ്യാപകരായതിനാലും, സർക്കാർ എയിഡഡ് വിവേചനം വേണ്ടെന്ന ധാരണയുടെ അടിസ്ഥാനത്തിലുമാണ് പരിപാടി നടത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മറ്റ് സർക്കാർ വകുപ്പുകളുടെ ഓഫീസുകളും, നിർവ്വഹണ ഉദ്യോഗസ്ഥരും ഉണ്ടായിരിക്കെ എയിഡഡ് സ്കൂൾ മാനേജ്മെന്റ് അധ്യാപകരെ മാത്രം ആദരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കിയിട്ടുമില്ല. ഭാവിയിൽ ഇത്തരം പരിപാടികളുടെ ചെലവ് പരമാവധി പൊതുജനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് വഴി കണ്ടെത്തുന്നതാവും ഉചിതം എന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

## 1-30 ഉപയോഗശൂന്യമായ ഉപകരണങ്ങൾക്ക് പകരം വാങ്ങുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

1) വൗച്ചർ നമ്പർ- 21800994/31.01.2019 ചെക്ക് നമ്പർ -00123059/30.01.2019 ₹10,400

2) വൗച്ചർ നമ്പർ- 21800665/22.10.2018 ചെക്ക് നമ്പർ -00121846/22.10.2018 ₹5700

കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ മോണിറ്റർ റിപ്പയർ ചെയ്യാനാവാത്ത വിധം തകരാറിലായതിനാൽ പുതിയ മോണിറ്റർ വാങ്ങുന്നതിന് പഞ്ചായത്ത് ഭരണസമിതി 21.11.2018 ലെ 215/18 നമ്പർ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ (1) പ്രകാരം, 4G WORLD കമ്പിൽ എന്ന സ്ഥാപനത്തിൽ നിന്നും Invoice Nomber 167/14.01.2019 പ്രകാരം മോണിറ്റർ വാങ്ങിയിട്ടുണ്ട്. ക്രമ നമ്പർ (2) പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഹെഡ് ക്ലർക്കിന്റെ കേടായ മോണിറ്ററിന പകരം മേൽ സ്ഥാപനത്തിൽ നിന്ന തന്നെ Invoice Nomber 78/4-10-18 പ്രകാരം മറ്റൊരു മോണിറ്ററും വാങ്ങിയിട്ടുണ്ട്. എന്നാൽ പഴയ മോണിറ്ററുകൾ ഉപയോഗപ്രദമല്ലെന്ന ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും, പുതിയ മോണിറ്റർ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതാണെന്നതിനുള്ള സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

കൂടാതെ പ്രോജക്ട് നമ്പർ 155/19, 191/19 എന്നിവ പ്രകാരം കമ്പ്യൂട്ടറുകൾക്ക് AMC ഏർപ്പെടുത്തിയിട്ടും പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുമില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/18-19 dt 27.01.2020 ന് നൽകിയ മറുപടിയിൽ എഎംസി പ്രകാരം മോണിറ്റർ ഡിസ്പ്ലേ, ഡിസ്പ്ലേ പാനൽ എന്നിവ ഉൾപ്പെടാത്തതിനാലാണ് പുതിയത് വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന പകരം ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിരിക്കുന്നത്.

ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ മുകളിൽ പ്രതിപാദിച്ചവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കണ്ടില്ല. ആയത് രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും ഓഡിറ്റ് അന്വേഷണത്തിനു ശേഷം രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

# 1-31 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതും പദ്ധതിയുടെ ഭാഗമല്ലാത്തതുമായ ഇനത്തിന് തനത്ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നു

വൗച്ചർ നമ്പർ- 21800347/06.08.2018 ചെക്ക് നമ്പർ -00119921/06.08.18 ₹4715

കമ്പിൽ ഹൈസ്കൂളിൽ വച്ച നടന്ന സ്കൂൾ പൗൾട്രി ഫാം ഉദ്ഘാടന ചടങ്ങിന്റെ ചെലവ് ഇനത്തിൽ വെറ്റിനറി സർജന് മേൽ പ്രകാരം ₹4715 അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ സ്കൂൾ പൗൾട്രി ഫാം എന്ന പ്രോജക്ട് ഉൾപ്പെടുന്നില്ല. കമ്പിൽ ഹൈസ്കൂൾ എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയതുമല്ല. 2018-19 ഓഡിറ്റിന്റെ ഭാഗമായി ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനു വേണ്ടി മേൽ പ്രതിപാദിച്ച ചെലവ് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ ചടങ്ങിന് വേണ്ടി അനുവദിച്ചതാണോ എന്ന് വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/18-19 dt. 27.01.2020 ന് നൽകിയ മറുപടിയിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കൊളച്ചേരി മൃഗാശുപത്രി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ടാണ് ഇതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ടി പദ്ധതി നടപ്പിലാക്കുന്നതിന് ആകെ ₹32,500 മാത്രമാണ് വകുപ്പ് അനുവദിച്ചത്. ആയത് കോഴിയും തീറ്റയും വിതരണം ചെയ്യുന്നതിനാണ് ചെലവഴിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത ഇത്തരം ചെലവുകൾ ഏറ്റെടുക്കുന്നത് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-32 വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല,നമ്പർ നൽകുന്നില്ല.

1) പ്രോജക്ട് - 198/2019 (കമ്പിൽ സാംസ്കാരിക നിലയത്തിന് സ്റ്റേജ്, ഫർണിച്ചർ)

അടങ്കൽ - 4,03,017/- (വികസന ഫണ്ട്)

ബിൽ നമ്പർ - 18190852003401201559 dt.14.02.2019 ₹34,03,017

നിർവഹണം - സെക്രട്ടറി

കമ്പിൽ സാംസ്കാരിക നിലയത്തിന് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി റബ്കോയിൽ നിന്നും Invoice No. RHW/18-19/451 dt. 25.01.2019 പ്രകാരം താഴെ പ്രതിപാദിക്കുന്ന സാധനങ്ങൾ നൽകിയിട്ടുണ്ട്.

1. DAIS – 6 seat

2. Executive Chair – 6

3. Senior Executive Chair-1

4. Stage- 15sqm

5. Podium-1

6. Wooden Chair-75

2) പ്രോജക്ട്- 201/2019( MGNREGS ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ)

അടങ്കൽ – 41,983/- (വികസന ഫണ്ട്)

– 979/- (തനത് ഫണ്ട്)

ബിൽ നമ്പർ - 18190852003401105772 dt. 24.01.2019 ₹41,983

ചെക്ക് നമ്പർ- TSB-5035127/24.01.2019 ₹979

നിർവഹണം - സെക്രട്ടറി

MGNREGS ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമാക്കുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ നിന്നും Invoice No. TVM/ITBG/PI/RC/5313/17-18 dt 14.01.2019 പ്രകാരം ₹10872 ന് പ്രിന്ററും, Invoice No. TVM/ITBG/PI/RC/5299/17-18 dt. 14.01.2019 പ്രകാരം ₹32090 ന് കമ്പ്യൂട്ടറും വാങ്ങിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ മുകളിൽ പ്രതിപാദിച്ചവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഉപകരണങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 16/18-19 dt. 27.01.2020 ന് മറുപടിയായി പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ഇത് രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും നിലവിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾക്ക് നമ്പർ രേഖപ്പെടുത്തുന്നതിലേക്കും, ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതിലേക്കും ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

# 1-33 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

2018-19ൽ നടപ്പിലാക്കിയതും എന്നാൽ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശങ്ങൾ | അടങ്കൽ | ബിൽ നം./തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 96/2019 (കുടിവെള്ള | അടങ്കൽ - ₹9,40,000 (ധന. ഗ്രാന്റ്) | ബിൽ നമ്പർ - 18190852003400956431 dt. 17.12.18 ₹9,40,000 | സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് |

| | | | | |
|---|---|---|---|---|
| | വിതരണം പൈപ്പ് ലൈൻ നീട്ടൽ) | | | നടപ്പിലാക്കുന്നതിനായി കേരളാ വാട്ടർ അതോറിറ്റി ജില്ലാ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. |
| 2 | പ്രോജക്ട്- 107/2019 (കൊളച്ചേരി പറമ്പ ലക്ഷം വീട് കോളനി കുഴൽ കിണർ) | അടങ്കൽ - ₹28,000 (ധന. ഗ്രാന്റ്) | ബിൽ നമ്പർ- 18190852003400943770 dt. 17.12.18 ₹28,000 | സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. |
| 3 | പ്രോജക്ട്- 108/2019 (പെരുമാച്ചേരി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ) | അടങ്കൽ - ₹67,000 (ധന.ഗ്രാന്റ്) | ബിൽ നമ്പർ - 18190852003401141486 dt. 30.01.19 ₹67,000 | സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് ജില്ലാ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. |

മേൽ പ്രതിപാദിച്ച പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

# 1-34 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - സംയുക്തപരിശോധന നടത്തുന്നില്ല.

പ്രോജക്ട്- 100/2019 (പൊതു ടാപ്പുകളുടെ വെള്ളക്കരമടക്കൽ)

അടങ്കൽ- ₹4,75,000 (മെയിന്റനൻസ് ഗ്രാന്റ്)

₹2,756 (തനത് ഫണ്ട്)

ആകെ – ₹4,77,756

പൊതു ടാപ്പുകളുടെ വെള്ളക്കരമടക്കുന്നതിനായി 91 ടാപ്പുകൾക്ക് പ്രതിമാസം ₹39813- നിരക്കിൽ 2018-19 വർഷം ആകെ ₹4,77,756 ചെലവഴിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18/18-19 dt. 27.01.2020 ന് നൽകിയ മറുപടിയിൽ സംയുക്ത പരിശോധന നടന്നു വരുന്നു എന്നാണ് അറിയിച്ചിരിക്കുന്നത്. ആയത് പൂർത്തീകരിക്കുന്ന

മുറയ്ക്ക് പ്രവർത്തനക്ഷമമായിട്ടുള്ള ടാപ്പുകളുടെ വിവരം അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.19 മുതൽ 18.07.19 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി.6/1351<br>തീയതി: 14.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 68/2019 ക്ഷീര കർഷകർക്ക് ഇൻസന്റീവ് നല്കൽ | 3,00,000 | 0 |
| | 1,00,000 | 85/2019 സാന്ത്വന പരിചരണ പദ്ധതി | 89,087 | 10,913 |
| | 16,72,607 | 143/2019 ലൈഫ് ഭവന നിർമ്മാണം ജനറൽ | 16,72,607 | 0 |
| | 2,31,533 | 196/2019 ലൈഫ് ഭവന നിർമ്മാണം എസ്.സി. | 2,31,533 | 0 |
| | 3,00,000 | 77/2019 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| | 2,00,000 | 192/2019 ബാലസൗഹൃദ അംഗൻവാടികൾ സജ്ജീകരിക്കൽ | 0 | 2,00,000 |
| | 2,00,000 | 151/2019 സുജലം | 9,200 | 1,90,800 |
| | 30,000 | 150/2019 ഒന്നാം ക്ലാസ്സ് ഒന്നാം തരം | 30,000 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കണ്ണൂർ | 5,10,000 | 82/2019 നെൽകൃഷി വികസന പദ്ധതി | 5,10,000 | 0 |
| | 2,25,000 | 128/2019 തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 2,25,000 | 0 |
| | 50,000 | 68/2019 ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 50,000 | 0 |
| | 1,00,000 | 85/2019 സാന്ത്വന പരിചരണ പദ്ധതി | 79,698 | 20,302 |
| | 4,35,420 | 143/2019 ലൈഫ് ഭവന നിർമ്മാണം ജനറൽ | 4,35,420 | 0 |
| | 1,18,467 | 196/2019 ലൈഫ് ഭവന നിർമ്മാണം എസ്.സി. | 1,18,467 | 0 |
| | 5,30,000 | 77/2019 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 4,55,100 | 74,900 |
| | 5,50,000 | 78/2019 ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവ് | 5,47,553 | 2,447 |
| | 10,000 | 150/2019 ഒന്നാം ക്ലാസ്സ് ഒന്നാം തരം | 10,000 | 0 |
| | 17,969 | 157/2019 ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം | 17,969 | 0 |

പഞ്ചായത്തിൽ ലഭ്യമായ വിവരമാണ് മേൽ കാണിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിഹിതത്തിന്റെ കണക്കുകൾ അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി വെക്കേണ്ടതാണ്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 13,71,000/- രൂപയുടെ മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള വിതരണ പൈപ്പ് ലൈൻ നീട്ടൽ | 21800892/18.12.2018 | 9,40,000 | 0 | 9,40,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് | കുടിവെള്ളത്തിന് അംഗൻ | 21800771/17.09.2018 | 2,97,000 | 0 | 2,97,000 |

| | | | | | |
|---|---|---|---|---|---|
| | വാടികളിൽ കുഴൽ കിണർ കുഴിക്കൽ | | | | |
| | കൊളച്ചേരി ലക്ഷം വീട് കോളനി കുഴൽ കിണർ | 21800890/17.12.2018 | 28,000 | 0 | 28,000 |
| | പെരുമാച്ചേരി ലക്ഷം വീട് കോളനി കുഴൽ കിണർ | 21801139/18.12.2018 | 67,000 | 0 | 67,000 |
| | കൊളച്ചേരി സ്കൂൾ അംഗൻവാടി കുടിവെള്ള പദ്ധതി | 21801145/18.12.2018 | 39,000 | 0 | 39,000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 19,63,973/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തിരിച്ചടച്ച വർഷം | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്.ഭവന പദ്ധതി | 274/2010 തീയതി 27.01.2010 | 57,35,500 | 10,16,600 | 5,73,550 | - | 4,43,050 |
| 2 | ലൈഫ് ഭവന പദ്ധതി KURDFC | Go(MS)68/18 തീ.18.08.2018 | 19,63,973 | 0 | 0 | - | 19,63,973 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,08,177 |
| തൻവർഷം നിക്ഷേപിച്ച തുക | 34,695 |
| ആകെ | 4,42,872 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| | |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,42,872 |

നീക്കിയിരിപ്പിന്റെ വിവശാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്ക് | എഫ്.ഡി.ആർ.നം. | നിക്ഷപിച്ച തുക | നിക്ഷപിച്ച തീയ്യതി | കാലാവധി |
|---|---|---|---|---|---|
| 1 | കൊളച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | എഫ്.ഡി. നമ്പർ 2591 | 4,42,872 | 01.03.2019 | 1 വർഷം |

# 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈ ഇനത്തിൽ ലഭിച്ച 10,605/- രൂപയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3-5 | 10,605 | അബ്ദുൾ ഹമീദ്. പി.വി. | 118020107762/06.02.2019 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 43 | 2002-03 | 7.13.6 | കാവുംചാൽ കോടിപോയാൻ റോഡ് ടാറിംഗ് | ലഭ്യമല്ല |
| 1999-2000 | 6 | 2003-04 | - | പദ്ധതി സഹായം പണമായി നൽകി | ലഭ്യമല്ല |
| പ്രവർത്തന അവലോകനം | - | 2013-14 | 5.1.5.11 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള പദ്ധതികളും | ലഭ്യമല്ല |
| പ്രവർത്തന | - | 2013-14 | 5.1.5.11 | തദ്ദേശ സ്വയംഭരണ | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| അവലോകനം | | | | സ്ഥാപനങ്ങളും കുടിവെള്ള പദ്ധതികളും | |
| വിഷയാധിഷ്ഠിത അവലോകനം | - | 2014-15 | 4.1.6 | അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ | ലഭ്യമല്ല |
| വിഷയാധിഷ്ഠിത അവലോകനം | - | 2014-15 | 4.1.12 | അറവുശാലകൾ നിഷ്ക്രിയാസ്തികളായി മാറുന്നു | ലഭ്യമല്ല |
| വിഷയാധിഷ്ഠിത അവലോകനം | - | 2011-12 | 2-1 | ഗ്രാമസഭ പൊതു അപാകങ്ങൾ | ലഭ്യമല്ല |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | ലഭ്യമല്ല |
| 2015-16 | 2-3 | 2016-17 | 2 | തൊഴിൽ നികുതി | ലഭ്യമല്ല |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,25,24,591 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,26,59,309 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,36,878 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 37,720 | ശ്രീമതി.രമ്യശ്രീ.ടി.വി,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-18 | 11,880 | ശ്രീമതി.രമ്യശ്രീ.ടി.വി, |

| | | |
|---|---|---|
| | | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-19 | 29,600 | ശ്രീമതി.രമ്യശ്രീ.ടി.വി,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-20 | 57,678 | ശ്രീ.രാജീവൻ പുല്ലേരത്ത്, ഹെഡ് മാസ്റ്റർ |
| ആകെ | 1,36,878 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവൻ പുല്ലേരത്ത്,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ,<br>ജി.എം.എൽ.പി.എസ്,<br>ചേലേരി | നന്ദനം, തലമുണ്ട,<br>കുടാളി .പി.ഒ |
| ശ്രീമതി.രമ്യശ്രീ.ടി.വി,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | അവധിയിൽ | മാണിക്കര, അടുത്തില, പഴയങ്ങാടി,<br>പി.ഒ. 670303 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ | 1 |

| | | |
|---|---|---|
| | സി6/744/19 തീയതി 09.04.2019 | |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി 09.04.2019 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി 09.04.2019 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി 09.04.2019 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി 09.04.2019 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി 09.04.2019 | 2 |
| 2009-10<br>2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി 09.04.2019 | 1 |
| 2011-12<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി09.04.2019 | 6 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി09.04.2019 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി.09.04.2019 | 9 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി6/744/19 തീയതി.09.04.2019 | 3 |
| 2017-18 | കെ.എസ്.എ/ കെ.എൻ.ആർ.സി6/7504/19 തീയതി 11.10.2019 | 5 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/95/2020.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail doknr.ksad@kerala.gov.in

ഫോൺ: 0497 2707698


തീയതി: 03.03.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kolachery Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No. | Description of Items | Schedule No. | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18079675.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 921190.00 |
| 130000000 | Rental income from Panchayat Properties | RP-3 | 85350.00 |
| 140000000 | Fees & User Charges | RP-4 | 895844.00 |
| 150000000 | Sale & Hire Charges | RP-5 | 147278.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43987317.00 |
| 171000000 | Interest Earned | RP-9 | 490317.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9106348.00 |
| 350000000 | Other Liabilities | RP-36 | 333964.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 584956.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 64284.00 |
| 330000000 | Secured Loans | RP-32 | 1963973.00 |
| 340000000 | Deposits Received | RP-34 | 177692.00 |
| 350000000 | Other Liabilities | RP-36 | 297103.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3366287.00 |
| 460000000 | Loans, Advances and Deposits | RP-47 | 102688.00 |
| | Grand total | | 80604266.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2954903.00 |
| 220000000 | Administrative Expenses | RP-12 | 914208.00 |
| 230000000 | Operations & Maintenance | RP-13 | 1218641.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4476860.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23341395.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 748545.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 592563.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 455226.00 |
| 255000000 | Maintenance Projects | RP-20 | 10149177.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -13353.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1093552.00 |
| 350000000 | Other Liabilities | RP-36 | 4691136.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 745.00 |
| 280000000 | Prior Period Item | RP-26 | -5582.00 |
| 311000000 | Earmarked Funds | RP-29 | 71000.00 |
| 330000000 | Secured Loans | RP-32 | 573550.00 |
| 340000000 | Deposits Received | RP-34 | 55110.00 |
| 350000000 | Other Liabilities | RP-36 | 2483645.00 |
| 410000000 | Fixed Assets | RP-38 | 6801538.00 |
| 412000000 | Capital work in Progress | RP-40 | 968000.00 |
| | | | |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 588450.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17944957.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 80604266.00 |

# അനുബന്ധം2-2 ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kolachery Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No. | Description of Items | Schedule No. | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5115214.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 107718.00 |
| 140000000 | Fee & User Charges | I-4(b) | 1062319.00 |
| 150000000 | Sale & Hire Charges | I-5(b) | 204768.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 134021104.00 |
| 170000000 | Income from Investments | I-7 | 34695.00 |
| 171000000 | Interest Earned | I-8 | 490317.00 |
| 180000000 | Other Income | I-9 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7225095.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 39113834.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 839070.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 592563.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 64714726.00 |
| 255000000 | Maintenance Projects | I-14(e) | 10149177.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 270000000 | Provisions and Write off | I-16 | 8149.00 |
| 272000000 | Depreciation | I-17(a) | 4795558.00 |
| | Total Expenditure | | 139992604.00 |
| | Gross Surplus/ Deficit of income over Expenditure | | 1043531.00 |
| 280000000 | Prior Period Item | I-18 | 125625.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 917906.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം2-3 ബാലൻസ് ഷീറ്റ്

| Kolachery Grama Panchayat BALANCE SHEET AS ON31MARCH 2019 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -4781593.14 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 6545.00 |
| 312000000 | Reserves | B-3 | 38621970.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 33846921.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3508996.00 |
| | Total Grants, Contributions for Specific Purposes | | 3508996.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 2407023.00 |
| | Total Loans | | 2407023.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 725504.00 |
| 350000000 | Other Liabilities | B-9 | 1017435.14 |
| | Total Current Liabilities and Provisions | | 1742939.14 |
| | TOTAL LIABILITIES | | 41505880.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 52702828.00 |
| 411000000 | Accumulated Depreciation | B-11 | -32057831.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 20644997.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 442872.00 |
| | Total Investments | | 442872.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 26245.00 |
| 440000000 | Pre-paid Expenses | B-16 | 443050.00 |
| 450000000 | Cash and Bank Balance | B-17 | 17944957.00 |
| 460000000 | Loans, Advances and Deposits | B-18 | 2003759.00 |
| | Total Current Assets, Loans and Advances | | 20418011.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 41505880.00 |

Deputy Director,
District Audit Office, Kannur.